LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് വൈദ്യസഹായം

253 (230) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ചുണ്ടാകുന്ന അപകടങ്ങളിൽ ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ വൈദ്യസഹായം നൽകുന്നതിന് മറൈൻ ആംബുലൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കി അടിയന്തരമായി മറൈൻ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തീരദേശ നിയോജക മണ്ഡലമായ വള്ളിക്കുന്നിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി തുക വകയിരുത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാനഘട്ട എസ്.ഡി.ജി.-യിൽ 6 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(സി) മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായിട്ടാണ് മറൈൻ ആംബുലൻസിന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

റൺവേ നിർമ്മാണം

254 (231) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ട് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന ഏജൻസി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ; പ്രസ്തുത കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയിൽ വിമാനം ഇറക്കുന്നതിന് അനുമതിയാവശ്യപ്പെട്ട് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ എന്നാണു കത്തെഴുതിയത്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ അഭ്യർത്ഥന പ്രകാരം കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അധികൃതർ കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം വിലയിരുത്താൻ എത്തുകയുണ്ടായോ;

(ഡി) റൺവേ കമ്മീഷൻ ചെയ്യുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അനുമതി നൽകുകയുണ്ടായോ; പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം 2400 മീറ്റർ പൂർത്തീകരിച്ചു. 3050 മീറ്റർ പൂർത്തീകരിച്ചതിനുശേഷം മാത്രമേ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ.

(ബി) കണ്ണൂർ വിമാനത്താവളത്തിൽ പരീക്ഷണപ്പറക്കൽ നടത്തുന്നതിനു വേണ്ടിയുള്ള അനുമതിക്കായി 28-11-2015-ൽ കത്തെഴുതിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഉദ്യോഗസ്ഥൻ 30-1-2016-ന് പരീക്ഷണപ്പറക്കലിന് വേണ്ടിയുള്ള 1540 മീറ്റർ റൺവെയുടെയും അനുബന്ധപണികളുടെയും പരിശോധന നടത്തി.

(ഡി) പണി പൂർത്തിയാക്കുന്ന മുറയ്ക്ക് എയർപോർട്ട് കമ്മീഷൻ ചെയ്യുന്നതിന് അനുമതിക്ക് അപേക്ഷിക്കും. പരീക്ഷണപ്പറക്കലിനാണ് അപേക്ഷിച്ചത്. അതിനുവേണ്ടി ഡി.ജി.സി.എ. ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന കഴിഞ്ഞ സ്ഥിതിക്ക് പരീക്ഷണപ്പറക്കലിന്റെ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly